വിദ്യാലയ ഗാനം

നാടിൻ പൊൻ ദീപമായ്
വിജ്ഞാന കേന്ദ്രമായ് നീ
വിലസിടും പൂജ്യനിലയമേ
ഉയരു നീ വിജയമായ് സദാ.
നിറഞ്ഞയാർത്തിയോടിതാ വരുന്ന -
ഞങ്ങളിൽ സദാ -
ഏകണേ ... നൽവരം.
മഹിത നീ മനോജ്ഞ യേ
ജ്ഞാന കേന്ദ്രമായ് മുദാ
വാഴ്ക നീ ജയം വരിച്ചു ഭുവിൽ. (നാടിൻ ...)

ഓ .... ഭാവിതൻ ഭാവുകം നീ
ഓ .... ഭാസുര കേദാരം നീ.
നീ  അജ്ഞത മാറ്റിടുന്നു.
കുളിർമ്മയേകിടുന്ന ജ്ഞാനമേകി
അരിയസുഷമയേ കി നീ
വിലസു വിമല നിലയമേ
നിൻ തനയർ മേൽക്കുമേലുയരാൻ . (നാടിൻ ...)

ഓ... മേരി തൻ നാമധേയം
ഓ... ഏന്തിടും വിദ്യാലയം.
നിൻ മക്കളായിടും ഞങ്ങൾ
ഉയർത്തിടുന്ന ഗീതകങ്ങളൊന്നായ്.
അമല വിജയ ഭേരി നീ
നാൾക്കു നാൾ മുഴക്കുവാൻ
നേർന്നിടുന്നു മങ്ങളങ്ങൾ ഞങ്ങൾ . (നാടിൻ ...)